(ജി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(എച്ച്) പോളിടെക്നിക്ക് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ലാബ് വർക്ക്ഷോപ് നവീകരണത്തിനും ലൈബ്രറി നവീകരണത്തിനും വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളും ഉദ്യോഗസ്ഥർക്ക് സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനുംവേണ്ടി ലോക ബാങ്ക് സഹായം ലഭിച്ചിട്ടുണ്ട്.

(ഐ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മാനന്തവാടി എന്നിവിടങ്ങളിൽ നവീന കോഴ്സുകളായ ഇൻഫർമേഷൻ ടെക്നോളജി, കംപ്യൂട്ടർ തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ 1999-2000 അദ്ധ്യയന വർഷം ആരംഭിക്കുകയുണ്ടായി. കൂടാതെ കൂടുതൽ സാങ്കേതിക തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ എറണാകുളം, ചെങ്ങന്നൂർ, അടൂർ കല്ലൂപ്പാറ എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് കോളേജുകളും വടകര, മാള മറ്റക്കര, കല്യാശ്ശേരി, പൈനാവ്, കരുനാഗപ്പള്ളി, തീക്കോയി, പൂഞ്ഞാർ എന്നിവിടങ്ങളിൽ ഓരോ മോഡൽ പോളിടെക്നിക്കുകളും കോഴിക്കോട്, വടക്കാഞ്ചേരി, മലപ്പുറം, പുതുപ്പള്ളി, പീരുമേട്, മല്ലപ്പള്ളി, അടൂർ, മാവേലിക്കര, പട്ടുവം എന്നിവിടങ്ങളിൽ ഓരോ അപ്ലൈഡ് സയൻസ് കോളേജുകളും സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, അപ്ലൈഡ് ഇലക്ട്രോണിക്സ്, കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, മെഡിക്കൽ ഇലക്ട്രോണിക്സ്, ടെലികമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

14 (* 549) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവകാശം ഉറപ്പാക്കുന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) സർക്കാർ പ്രഖ്യാപിച്ച ജല പരിഷ്കരണം (അക്വേറിയൻ റിഫോംസ്) നടപ്പിലാക്കുവാൻ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) സർക്കാർ പ്രഖ്യാപിച്ച ഫിഷറീസ് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായോ ;

(എഫ്) എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): (എ) ഉണ്ട്.

(ബി) മത്സ്യ സമ്പത്തിന്റെ സ്ഥായിയായ സംരക്ഷണവും വികസനവും മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ ജീവിത നിലവാരവും ഉപഭോക്താക്കളുടെ താല്പര്യവും ഉറപ്പുവരുത്തുന്നതിന് ഒരു മത്സ്യ വികസന മാനേജ്മെന്റ് നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യോല്പാദന മേഖലയിൽ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും വിപണന മേഖലയിൽ ആദ്യ വില്പനക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുമായി നിയമ നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജലപരിഷ്ക്കരണ (അക്വേറിയൻ റിഫോംസ്) നിയമത്തെ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശ പ്രകാരം നിയമനിർമ്മാണ നടപടി ആരംഭിക്കുന്നതാണ്.

(ഇ) കമ്മിറ്റിയിലെ ഒരു പ്രമുഖ അംഗത്തിന്റെ നിര്യാണത്തെ തുടർന്ന് കമ്മിറ്റിയുടെ പ്രവർത്തനം താല്കാലികമായി നിലച്ചിരിക്കുകയാണ്.

(എഫ്) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

'അംബേദ്കർ' എന്ന സിനിമ മൊഴിമാറ്റം നടത്തി പ്രദർശിപ്പിക്കുന്നതിന് നടപടി

15 (* 550) ശ്രീ. കടന്നമ്പിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർ ബി. ആർ. അംബേദ്കറെ കുറിച്ച് ഇംഗ്ലീഷ് ഭാഷയിൽ നിർമ്മിച്ച അംബേദ്കർ എന്ന സിനിമ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം നടത്തി സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സിനിമ ഇംഗ്ലീഷിൽ ഇതിനകം റിലീസ് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സിനിമ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യുന്നതിന് എന്തുതുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സിനിമ മലയാളഭാഷയിലേക്ക് മൊഴിമാറ്റം നടത്തി പ്രദർശിപ്പിക്കുന്ന കാര്യം സജീവമായി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly